# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 240 — 06.11.2019-ൽ മറുപടിയ്ക്ക്

**തൊഴിൽരഹിത വേതനം കൈപ്പറ്റുന്നതിനുള്ള നടപടിക്രമങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുൾ ഹമീദ് പി.<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. കെ. എൻ. എ. ഖാദർ | ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽരഹിത വേതനം കൈപ്പറ്റുന്നതിനുള്ള നടപടിക്രമങ്ങളിൽ സർക്കാർ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട് ; സർക്കാർ തലത്തിലുള്ള സാമ്പത്തിക സേവനങ്ങൾ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്ന സംവിധാനത്തിലേക്ക് മാറ്റുന്നതിന്റെ ഭാഗമായി തൊഴിൽരഹിത വേതനവും ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറ്റം ചെയ്യുന്നതിന് 15.10.2019 ലെ സ.ഉ.(അച്ചടി) നം. 139/2019/ധന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) എല്ലാ മാസവും വരുമാന സർട്ടിഫിക്കറ്റ് ഉൾപ്പെടെ-യുള്ള വിവിധ രേഖകൾ ഹാജരാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) ഇതുമൂലം തൊഴിൽരഹി-തർക്കുണ്ടാകുന്ന ബുദ്ധിമുട്ടു-കൾ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ ? | (സി) തൊഴിൽരഹിത വേതന വിതരണവുമായി ബന്ധപ്പെട്ട് തൊഴിൽരഹിതർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരി-ക്കിലും, ബാങ്ക് അക്കൗണ്ട് വഴി തൊഴിൽരഹിത വേതനം ആദ്യമായി ആരംഭിക്കുന്ന സാഹചര്യത്തിൽ നിലവിലെ ഗുണഭോക്താക്ക-ൾക്ക് അവരുടെ ബാങ്ക് പാസ്സ്ബുക്കിന്റെയും |

ആധാർ കാർഡിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഹാജരാക്കാൻ 2019 ഡിസംബർ 31 വരെ മതിയായ സമയം സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ പുതുതായി അപേക്ഷിക്കുന്നവരുടെ അപേക്ഷയോടൊപ്പം ബാങ്ക് പാസ്സ്ബുക്കിന്റെയും ആധാർ കാർഡിന്റെയും പകർപ്പുകളും നമ്പരും ശേഖരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അപേക്ഷാ ഫോറത്തിൽ മാറ്റം വരുത്തുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വിവരം ഗുണഭോക്താക്കളെ അറിയിക്കുന്നതിനും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ